ഖുത്ബ
1.6.2007
ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ

# ‘അസ്സലാം’- സമാധാന സമ്രാട്ട് (4)

وَاعْبُدُوا اللّٰهَ وَلَا تُشْرِكُوا بِهٖ شَيْئًا
وَّبِالْوَالِدَيْنِ اِحْسَانًا وَّبِذِى الْقُرْبٰى
وَالْيَتٰمٰى وَالْمَسٰكِيْنِ وَالْجَارِ ذِى الْقُرْبٰى
وَالْجَارِ الْجُنُبِ وَالصَّاحِبِ بِالْجَنْبِ
وَابْنِ السَّبِيْلِ ۙ وَمَا مَلَكَتْ اَيْمَانُكُمْ ۗ
اِنَّ اللّٰهَ لَا يُحِبُّ مَنْ كَانَ مُخْتَالًا فَخُوْرَا

**ഈ** ആയത്തിന്റെ തർജമ ഇങ്ങനെയാണ്.

“നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. മറ്റൊന്നിനേയും അവന്റെ കൂടെ പങ്കുചേർക്കരുത്. മാതാപിതാക്കൾക്ക് നന്മ ചെയ്യുക. അടുത്തബന്ധുക്കൾ, അനാഥർ, അഗതികൾ, അടുത്തബന്ധുവായ അയൽവാസി, അന്യനായ അയൽവാസി, തൊട്ടടുത്തുള്ള കൂട്ടുകാരൻ, യാത്രക്കാരൻ, നിങ്ങളുടെ ഉടമസ്ഥതയിലുള്ളവർ എന്നിവർക്കും നന്മ ചെയ്യുക. അഹംഭാവിയും പൊങ്ങച്ചക്കാരനുമായവനെ അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല” (4:37).

കഴിഞ്ഞ ഖുത്ബയിൽ വീടുകളിൽ സലാം പറയുക, സമാധാനത്തിന്റെ സന്ദേശം എത്തിക്കുക എന്നതിനെക്കുറിച്ചുള്ള കാര്യങ്ങൾ പറഞ്ഞിരുന്നു. ഇതുമുഖേന വീടുകളിൽ സമാധാനത്തിന്റെ അന്തരീക്ഷവും അല്ലാഹുവിന്റെ സമാധാനവും ഉണ്ടാകുന്നു. ഈ സമാധാനത്തിന്റെ സമ്മാനങ്ങൾ കൈമാറുന്നതിനാൽ സമാധാനത്തിന്റെ ഉറവ് അവിടെനിന്നും പൊട്ടിപ്പുറപ്പെടുന്നതാണ്. ഇത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. സമാധാനത്തിന്റെ സന്ദേശം എത്തിക്കുന്നവൻ സ്വയം തനിക്കുവേണ്ടിയും ദാറുസ്സലാമിന്റെ വാതിലുകൾ തുറക്കുകയാണ് ചെയ്യുന്നത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ തന്റെ വീട്ടുകാർക്കുവേണ്ടിയും ആ വാതിലുകൾ തുറക്കുന്നു. ഞാൻ പറഞ്ഞതുപോലെ ഇസ്ലാമിന്റെ ഈ സമാധാന സന്ദേശം, ദേശീയവും അന്തർദേശീയവുമായ സമാധാനത്തിന്റെ സന്ദേശമാണ്. കഴിഞ്ഞ ഖുത്ബകളിൽ സ്വന്തം വീടുകളിലും ബന്ധുക്കളുടെ വീടുകളിലും അല്ലാഹു ഉപദേശിച്ച ഈ മനോഹരമായ സന്ദേശം എത്തിക്കുന്നതിനെക്കുറിച്ച് ഞാൻ പറഞ്ഞിരുന്നു. ഐക്യത്തിന്റേയും സമാധാനത്തിന്റേയും അന്തരീക്ഷം സ്ഥാപിക്കുന്നതിനും മറ്റുള്ളവരെ എല്ലാത്തരം അക്രമങ്ങളിൽനിന്നും കാത്തുസൂക്ഷിക്കുന്നതിനും വേണ്ടി അല്ലാഹു പറഞ്ഞതാണിത്. ഇന്നു ഞാൻ ഓതിയവചനം സൂറത്തുന്നിസായിലെ 37-ാമത്തെ വചനമാണ്. ഇതിലും അല്ലാഹുവിന്റെ നേരിട്ടല്ലെങ്കിലും ഇന്നയിന്ന നന്മകൾ ചെയ്യുക എന്നു പറഞ്ഞിരിക്കുന്നതിൽനിന്ന് സമാധാനത്തിന്റെ സന്ദേശം ലോകത്തിനു ലഭിക്കുന്നുണ്ട്. ഈ വചനത്തിൽ പറഞ്ഞിരിക്കുന്ന ഓരോ കൂട്ടർക്കും അതെത്തുന്നു. ഒരു മനുഷ്യൻ, ഒരു മുസ്ലിം, ഒരു മുഅ്മിൻ ഈ വചനമനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ സമൂഹത്തിൽ സമാധാനത്തിന്റെ അന്തരീക്ഷം സ്ഥാപിതമാകുമെന്നത് തീർച്ചയായ കാര്യമാണ്. ഈ ഒരു വചനത്തിൽ സ്നേഹത്തിന്റേയും ഐക്യത്തിന്റേയും സമാധാനത്തിന്റേയും സമൂഹത്തെ സ്ഥാപിക്കുന്നതിനുവേണ്ടി നല്കിയിട്ടുള്ള നിർദ്ദേശങ്ങൾ പതിനൊന്നെണ്ണമാണ്. ഇതനുസരിച്ച് പ്രവർത്തിച്ചാൽ ഒരു മനോഹരമായ സമൂഹം ജന്മം കൊള്ളുന്നതാണ്. അത് സമാധാനത്തിന്റെ സൗരഭ്യംകൊണ്ട് പരിപൂരിതമായ സമൂഹമായിരിക്കും.

ഇതിൽ ആദ്യം പറഞ്ഞത് അല്ലാഹുവിനോടുള്ള കടമ നിറവേറ്റുക എന്നാണ്. അതായത്, അല്ലാഹുവിനെ ആരാധിക്കുക. അവനോട് ആരേയും പങ്കുകാരാക്കാതിരിക്കുക. പറഞ്ഞു, ‘***വഅ്ബുദുല്ലാഹ വലാതുശ്രിക്കൂ ബിഹീ ശയ്ആ***’ ഒരു മുസൽമാൻ, മുസൽമാൻ എന്നു പറയപ്പെടുന്നത് ഇസ്ലാമിന്റെ അടിസ്ഥാനപരമായ ഈ ഉദ്ദേശ്യത്തെ മനസ്സിലാക്കുമ്പോഴാണ്. ഇതിനുവേണ്ടിയാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ഈ ഉദ്ദേശ്യം കരസ്ഥമാക്കാതെ, ഇസ്ലാമിന്റെ യഥാർത്ഥ ചൈതന്യം ഉണ്ടാകുകയില്ല. അല്ലാഹുവിന്റെ മഹനീയ ഗുണങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ പറ്റുകയില്ല. ഒരു വിശ്വാസി, ഒരു മുഅ്മിൻ, സലാം എന്ന മഹനീയഗുണത്തെക്കുറിച്ച് അറിയാത്തവനാണെങ്കിൽ അതിന്റെ അനുഗ്രഹത്തിന് പാത്രീഭൂതനാകാൻ കഴിയുകയില്ല. അതു

കൊണ്ട് ഈ അടിസ്ഥാനപരമായ കാര്യങ്ങൾ മുസ്ലിമായ ഓരോ സത്യവിശ്വാസിയും തങ്ങളുടെ മുമ്പിൽ വയ്ക്കേണ്ടതാണ്; സമാധാനത്തിന്റെ യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട് അതിൽനിന്ന് സ്വയം അനുഗൃഹീതനാകുന്നതിനും തന്റെ ചുറ്റുവട്ടത്തുള്ളവർക്ക് അതിൽനിന്ന് അനുഗ്രഹം എത്തിക്കുന്നതിനും വേണ്ടി. ഈ യാഥാർത്ഥ്യം മനസ്സിലാക്കുകയും, ഈ ഉദ്ദേശ്യം നിങ്ങളുടെ വിരിപ്പും പുതപ്പുമാക്കുകയും ചെയ്യുക, പറഞ്ഞു: നിങ്ങൾ അല്ലാഹുവിനോടുള്ള കടമ നിറവേറ്റാനും അത് നിലനിറുത്താനും ശ്രമിക്കുക. ഇതിനെക്കുറിച്ചാണ് ഈ ആയത്തിൽ വിശദീകരിക്കപ്പെട്ടിട്ടുള്ളത്. നിങ്ങൾ ഇങ്ങനെ പരസ്പരം നന്മയോടെ പെരുമാറുകയാണെങ്കിൽ സമൂഹത്തിന്റെ സമാധാനത്തിന് ജാമ്യക്കാരായിത്തീരും. അവസാനം പറഞ്ഞ കാര്യത്തിന്റെ ബന്ധം അല്ലാഹുവുമായിട്ടും, സൃഷ്ടികളോടുള്ള കടമകളുമായിട്ടുമാണ്. ഇനി ഞാൻ ഓരോന്നോരോന്നായി ഇതിനെക്കുറിച്ച് പറയാം.

ഒന്നാമതായി കല്പിച്ചത് ***വബിൽ വാലിദയ്നി ഇഹ്സാനാ*** അതായത് മാതാപിതാക്കളോടു നന്മയോടുകൂടി പെരുമാറുക. അല്ലാഹുവിനുശേഷം, മാതാപിതാക്കൾക്കുവേണ്ടി നിങ്ങൾ അവരെ എല്ലാത്തരത്തിലും കാത്തുസൂക്ഷിക്കാൻ ശ്രമിക്കേണ്ടതാണ്. കാരണം അവരും നിങ്ങളുടെ കുട്ടിക്കാലത്ത് നിങ്ങളെ എല്ലാത്തരം ഉപദ്രവങ്ങളിൽനിന്നും കാത്തുരക്ഷിക്കാൻ ശ്രമിച്ചവരാണ്. നിങ്ങളുടെ മാതാപിതാക്കൾ തന്നെയാണ്, നിങ്ങളുടെ ആരോഗ്യത്തിനും രക്ഷയ്ക്കുംവേണ്ടി ബുദ്ധിമുട്ടുകൾ സഹിച്ചത്. ഇന്ന് വലുതായിക്കഴിഞ്ഞപ്പോൾ നിങ്ങളുടെ നിർബന്ധകടമയാണ്, അവരോടുള്ള കടമ നിറവേറ്റുക എന്നത്. ഒരിടത്തു പറഞ്ഞു, അവരിൽ വാർദ്ധക്യം വന്നാൽ, അവരോട് 'ഛെ' എന്നുപോലും പറയരുത്. അവർ പറയുന്നത് നിങ്ങൾ കേൾക്കുക. അവർക്കുവേണ്ടി ***റബ്ബിർഹംഹുമാ കമാ റബ്ബയാനീസഗീറാ*** എന്നു പ്രാർത്ഥിക്കാൻ ഒരിടത്തു പറഞ്ഞു. ഈ ദുആയും ചെയ്യുന്നത്, നിങ്ങളുടെ വികാരങ്ങൾ, നിങ്ങളുടെ ധാരണകൾ അവർക്ക് കാരുണ്യമായിത്തീരാനാണ്. ഈ ഇരുഭാഗത്തുമുള്ള ദുആ പരസ്പരം സമാധാനം വർഷിക്കുന്നതായിരിക്കും. ഒരിടത്ത് അല്ലാഹു മാതാപിതാക്കളോട് നല്ലരീതിയിൽ പെരുമാറാനും അവരോട് നന്ദി കാണിക്കുന്ന ദാസരാകാനും പറഞ്ഞു. പറയുന്നു:

وَوَصَّيْنَا الْإِنسَانَ بِوَالِدَيْهِ إِحْسَانًا ۖ
حَمَلَتْهُ أُمُّهُ كُرْهًا وَوَضَعَتْهُ كُرْهًا ۖ
وَحَمْلُهُ وَفِصَالُهُ ثَلَاثُونَ شَهْرًا ۚ حَتَّىٰ إِذَا
بَلَغَ أَشُدَّهُ وَبَلَغَ أَرْبَعِينَ سَنَةً قَالَ
رَبِّ أَوْزِعْنِي أَنْ أَشْكُرَ نِعْمَتَكَ الَّتِي
أَنْعَمْتَ عَلَيَّ وَعَلَىٰ وَالِدَيَّ وَأَنْ أَعْمَلَ
صَالِحًا تَرْضَاهُ وَأَصْلِحْ لِي فِي ذُرِّيَّتِي ۖ
إِنِّي تُبْتُ إِلَيْكَ وَإِنِّي مِنَ الْمُسْلِمِينَ ۝

തന്റെ മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്ന് നാം മനുഷ്യന് താക്കീത് നല്കിയിരിക്കുന്നു. അവന്റെ മാതാവ് അവനെ പ്രയാസപ്പെട്ട് ഗർഭം ചുമന്നു. പ്രയാസപ്പെട്ടുകൊണ്ട് അവനെ പ്രസവിക്കുകയും ചെയ്തു. അവനെ ഗർഭം ധരിക്കുന്നതിനും അവന്റെ മുലകുടി നിറുത്തുന്നതിനും മുപ്പതു മാസക്കാലമെടുത്തു. അങ്ങനെ അവൻ തന്റെ പക്വപ്രായം പ്രാപിക്കുകയും നാല്പതു വയസ്സ് പ്രായമെത്തുകയും ചെയ്താൽ അവൻ പറയുന്നു: "എന്റെ നാഥാ, നീ എനിക്കും എന്റെ മാതാപിതാക്കൾക്കും ചെയ്തിരിക്കുന്ന അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കുവാനും നീ തൃപ്തിപ്പെടുന്ന സൽകർമ്മങ്ങൾ ചെയ്യുവാനും നീ എനിക്ക് കഴിവും പ്രേരണയും എന്റെ സന്തതികളിൽ നീ എനിക്ക് നന്മയുമുണ്ടാക്കേണമേ. ഞാൻ നിന്നിലേക്ക് തീർച്ചയായും മടങ്ങുന്നു. ഞാൻ (നിന്നെ) പരിപൂർണ്ണമായി അനുസരിക്കുന്നവരിൽപ്പെട്ടവനാണ്" (46:16).

അതായത്, യഥാർത്ഥ അനുസാരിയാകാൻ എനിക്ക് കഴിയുന്നതും, യഥാർത്ഥ ഇസ്ലാം എന്റെയുള്ളിൽ പ്രവേശിക്കുന്നതും ഞാൻ സമാധാനം പ്രചരിപ്പിക്കുന്നവനായിത്തീരുന്നതും, ഈ കല്പനകളനുസരിച്ച് പ്രവർത്തിച്ചുകൊണ്ടും– അതിൽ ഒന്ന് മാതാപിതാക്കളോട് നല്ലരീതിയിൽ പെരുമാറുക എന്നതാണ്– അവരുടെ ഔദാര്യങ്ങൾ സ്മരിച്ചുകൊണ്ടും അവരോട് ഔദാര്യത്തോടെ പെരുമാറുമ്പോഴാണ്. എന്റെ മാതാപിതാക്കൾക്കും നല്കിയിട്ടുള്ള അനുഗ്രഹങ്ങൾക്ക് അല്ലാഹുവേ, ഞാൻ നിന്നോട് നന്ദി കാണിക്കുന്നു. അവരുടെ മക്കൾ സമാധാനം പ്രചരിപ്പിക്കുന്നവരും നന്മ പരത്തുന്നവരുമാണ്. അടുത്ത തലമുറ ഇതേരീതിയിൽ ആയിത്തീരുന്നതിനും ഞാൻ നിന്നോട് പ്രാർത്ഥിക്കുന്നു.

നന്മയിൽ അഭിവൃദ്ധിപ്പെടുകയും നന്മകൾ പ്രവർത്തിക്കുകയും ചെയ്യുന്ന മക്കളുടെ മാതാപിതാക്കളെക്കുറിച്ചാണ് ഇവിടെ പറഞ്ഞിരിക്കുന്നതെന്ന കാര്യം മാതാപിതാക്കൾ ഓർക്കേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹം തേടിക്കൊണ്ട്, അവന്റെ തിരുസന്നിധിയിൽ കുനിഞ്ഞുകൊണ്ട്, സമാധാനം വിത

റുന്നവരും അനുസാരികളുമായ കുട്ടികളായിത്തീരും വിധം അവർക്ക് ശിക്ഷണം നല്കേണ്ടതാണ്. ഇല്ലെങ്കിൽ, സ്വന്തം മാതാവിന്റെ ചെവിയോ നാവോ കടിച്ചെടുത്ത മകനെക്കുറിച്ച് നിങ്ങൾക്കറിയാം. ആ മകന്, തന്നെ ശരിയായ രീതിയിൽ നടത്തുന്നവളും, തനിക്ക് സമാധാനവും കലഹവും തമ്മിലുള്ള വ്യത്യാസം പറഞ്ഞുതരുന്നവളുമായിരുന്നെങ്കിൽ തന്നിൽ നിന്നുണ്ടായ കുറ്റകൃത്യങ്ങൾ കാരണത്താൽ ഇന്ന് കൊലക്കയറിൽ കയറുന്നതിനുപകരം, നിങ്ങൾക്കുവേണ്ടി അനുഗ്രഹവും കാരുണ്യവും തേടുന്നവനാകുമായിരുന്നു എന്ന് സ്വന്തം മാതാവിനോട് പറയേണ്ടിവന്നു.

അതുകൊണ്ട് മാതാപിതാക്കളും തങ്ങളുടെ ഉത്തരവാദിത്തം മനസ്സിലാക്കണം. ഈ വചനത്തിൽ രണ്ടുപേരേയും ഉപദേശിച്ചിരിക്കുന്നു. ആദ്യം മക്കളായിക്കൊണ്ട് മാതാപിതാക്കളോടുള്ള കടമ നിറവേറ്റുക. അവർക്കുവേണ്ടിയുള്ള പ്രാർത്ഥന. പിന്നീട് മാതാപിതാക്കളായിക്കൊണ്ട് കുട്ടികളുടെ പരിഷ്കരണവും നന്മയിൽ നിലനില്ക്കേണ്ടതിനുള്ള പ്രാർത്ഥനയും. ഈ പ്രാർത്ഥനകളാണ്, സത്യവാനായ ആരാധകനെ തന്റെ മുതിർന്നവരോടും തന്റെ കുട്ടികളോടുമുള്ള കടമകൾ നിറവേറ്റിക്കൊണ്ട് അവരെ സമാധാനം പ്രചരിപ്പിക്കുന്നവരാക്കിത്തീർക്കുന്നത്. ഇവിടെ കാര്യം അവസാനിക്കുകയില്ല. അല്ലാഹു പറയുന്നു, നിങ്ങൾ നിങ്ങളുടെ അടുത്ത ബന്ധുക്കളോടും നന്മ പ്രവർത്തിക്കുക. അവരോടും ഔദാര്യത്തോടുകൂടി പെരുമാറുക. ഈ സൽപെരുമാറ്റമാണ് നിങ്ങളുടെ സമൂഹത്തിൽ ഐക്യവും സമാധാനവും സ്ഥാപിക്കുന്നത്. അടുത്തബന്ധുക്കളിൽ എല്ലാ രക്തബന്ധുക്കളുംപെടുന്നു. നിങ്ങളുടെ പിതാവിൽനിന്നും മാതാവിൽനിന്നുമുള്ള എല്ലാ ബന്ധുക്കളും. ഭാര്യയുടെ രക്തബന്ധുക്കളുണ്ട്. ഭർത്താവിന്റെ രക്തബന്ധുക്കളുണ്ട്. രണ്ടുപേരിലും ഈ ഉത്തരവാദിത്തം ഉണ്ടാകുന്നു. അവർ പരസ്പരം തങ്ങളുടെ ബന്ധുക്കളോടുള്ള കടമ നിറവേറ്റേണ്ടതാണ്. അവരെ ആദരിക്കുക. അവരെ ബഹുമാനിക്കുക. അവർക്കുവേണ്ടി സൽവികാരങ്ങൾ വെച്ചുപുലർത്തുക. ചുരുക്കത്തിൽ, നിങ്ങൾ നിങ്ങളുടെ അടുത്തബന്ധുക്കളോടു നിർവഹിക്കേണ്ട ആ എല്ലാ കടമകളും, അകന്നബന്ധുക്കളോടും നിറവേറ്റാൻ ശ്രമിക്കുക. നിങ്ങൾ ഇഷ്ടപ്പെടാത്ത ബന്ധുക്കളോടും അതേരീതിയിൽ പെരുമാറുക. എന്നല്ല, അടുത്തബന്ധുക്കളോടു മാത്രമല്ല, ഭർത്താവ് തന്റെ ഭാര്യമാരുടെ ബന്ധുക്കളോടും ഭാര്യ തന്റെ ഭർത്താവിന്റെ ബന്ധുക്കളോടും നല്ലരീതിയിൽ പെരുമാറാനും കല്പിച്ചിരിക്കുന്നു. ഈ പെരുമാറ്റമായിരിക്കും സമാധാനം പ്രചരിപ്പിക്കുന്നത്.

പരസ്പരമുള്ള ബന്ധങ്ങളെ ആദരിക്കാതിരിക്കുകയും ബഹുമാനിക്കാതിരിക്കുകയും ചെയ്യുന്ന കാരണത്താൽ ഒരുപാട് കുടുംബവഴക്കുകൾ ഉണ്ടാകാറുണ്ട്. ഭാര്യഭർത്താവിന്റെ ഏറ്റവും അടുത്തബന്ധു അവരുടെ മാതാപിതാക്കളാണ്. മാതാപിതാക്കളോടു നല്ല രീതിയിൽ പെരുമാറാൻ കല്പിക്കുന്നതിനോടൊപ്പം, ഭാര്യാഭർത്താക്കന്മാർ അവരുടെ മാതാപിതാക്കളോട് പരസ്പരം നല്ലരീതിയിൽ പെരുമാറാനും കല്പിച്ചിരിക്കുന്നു.

ചിലപ്പോൾ ഭർത്താവ് അതിക്രമം കാണിച്ച് ഭാര്യയുടെ മാതാപിതാക്കന്മാരെ ചീത്ത പറയുന്നു. ചിലപ്പോൾ ഭാര്യ അതിക്രമം കാണിച്ച് ഭർത്താവിന്റെ മാതാപിതാക്കളേയും അടുത്തബന്ധുക്കളേയും ചീത്തവിളിക്കുന്നു. അഹ്മദീ സമൂഹത്തിൽ, അവർക്ക് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനയാണുള്ളത്, സലാം പ്രചരിപ്പിക്കുക എന്നത്. അതിൽ മുകളിൽ പറഞ്ഞ കാര്യങ്ങൾ ഉണ്ടാകാൻ പാടില്ല. നാം കാലത്തിന്റെ ഇമാമിനെ വിശ്വസിച്ചിട്ടുള്ളവരാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) അതിനുശേഷം നമ്മെ ഉന്നതമായ ധാർമ്മികഗുണത്തിൽ നിലനില്ക്കേണ്ട രീതിയും പഠിപ്പിച്ചു. താനുമായി ബന്ധം വയ്ക്കണമെങ്കിൽ, അല്ലാഹുവും അവന്റെ റസൂലും കല്പിക്കുന്ന ഉന്നതമായ ധാർമ്മികഗുണത്തെ സ്വായത്തമാക്കാനും പറഞ്ഞു. ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചതിനുശേഷം നമുക്ക് എതിർപ്പുകൾ നേരിടേണ്ടിവരുന്നത്- താൻ മസീഹും മഹ്ദിയുമാണെന്നും നബിയുല്ലാഹ് ആണെന്നും പറഞ്ഞ ഒരാളെ വിശ്വസിച്ചതുകൊണ്ടാണ്. അഹ്മദിയ്യത്തു സ്വീകരിച്ചതിനുശേഷം ചിലയാളുകൾക്ക് തങ്ങളുടെ സ്വന്തം ബന്ധുക്കളിൽനിന്നും ബുദ്ധിമുട്ടുകൾ നേരിടേണ്ടിവന്നിട്ടുണ്ട്. അവർ ബന്ധം വിച്ഛേദിക്കുകയും ചെയ്തു. ഉപ്പമാർ മക്കളുടെമേൽ അതിക്രമം കാണിച്ചു. വീടുകളിൽനിന്ന് പുറത്താക്കി, 'അഹ്മദിയ്യത്ത് എന്തിനു സ്വീകരിച്ചു' എന്ന ഒറ്റക്കാരണത്താലാണ് ഇറക്കിവിട്ടത്. ഈ പരിതസ്ഥിതിയിൽ അഹ്മദി എത്രമാത്രം തങ്ങളുടെ ബന്ധുത്വത്തെ നിലനിറുത്തേണ്ടതാണ്. ഓരോരുത്തരും ചിന്തിക്കേണ്ടതാണിത്. 'സമാധാനത്തിന്റെ സമ്രാട്ട്' എന്ന് അല്ലാഹു പേരുവെച്ച ഒരാളെ വിശ്വസിച്ചതിനുശേഷം എത്രമാത്രം സമാധാനം പരത്തുന്നവരും ബന്ധുത്വത്തെ ശക്തിപ്പെടുത്തുന്നവരും നാം ആയിത്തീരേണ്ടതാണ്. ഓരോ അഹ്മദിയും ഈ ബോധം തങ്ങളുടെ ഉള്ളിൽ ഉണ്ടാക്കേണ്ടതാണ്. ഈ 'സമാധാന സ്രമാട്ടി'ന്റെ പേരിന് ദോഷമുണ്ടാക്കുന്നവരായിത്തീരരുത്. നമ്മൾ നമ്മുടെ ബന്ധുത്വം നിലനിറുത്തുന്നവരും അവരോട് നല്ലരീതിയിൽ പെരുമാറുന്നവരും അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നവരും, അവരിൽനിന്ന് പ്രാർത്ഥന വാങ്ങുന്നവരും അല്ലായെങ്കിൽ, രക്തബന്ധമില്ലാത്തവരോട് എങ്ങനെ നല്ലരീതിയിൽ പെരുമാറാനാണ്.

ചില ഭാരവാഹികളെ സംബന്ധിച്ചും പരാതിയുണ്ടാകുന്നു; അവർ ഭാര്യയോടും കുട്ടികളോടും നല്ലരീതിയിൽ പെരുമാറുന്നില്ലെന്ന്. ഇതിനെക്കുറിച്ച് മുമ്പേയും ഞാൻ പറഞ്ഞിട്ടുള്ളതാണ്. ഈ അക്രമത്തിന്റെ അറിയിപ്പ് ചിലപ്പോൾ മനസ്സ് അസ്വസ്ഥമായിപ്പോകുംവിധം അധികമായി കിട്ടാറുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്തുമാറ്റമുണ്ടാക്കാനാണ് വന്നത്? ചിലയാളുകൾ മസീഹ് മൗഊദ്(അ)യുടെ വിശ്വാസികളാണെന്ന് പറഞ്ഞ്, എന്നല്ല ജമാഅത്തിനുവേണ്ടി സേവനം ചെയ്യുന്നവരായിട്ടും- ചിലർ സേവനം ചെയ്യുന്നവരിൽ ഏറ്റവും മുന്നിലായിരിക്കും- തങ്ങളുടെ വീട്ടുകാരുടെമേൽ എത്രമാത്രം വലിയ അക്രമമാണ് കാണിക്കുന്നത്. അല്ലാഹു കരുണചൊരിയട്ടെ. അവർക്ക് ബുദ്ധി നല്കുമാറാകട്ടെ. അതിക്രമത്തിൽ അതിരു ലംഘിക്കുന്ന അത്തരക്കാരെക്കുറിച്ച് ഖലീഫ അറിയുമ്പോൾ അവരെ സേവനത്തിൽനിന്ന് തടയാറുണ്ട്. പിന്നീട് 'തങ്ങളെ സേവനത്തിൽനിന്ന് ഒഴിവാക്കി' എന്നു പറഞ്ഞ് ബഹളം വയ്ക്കാൻ തുടങ്ങുന്നു. ഒരു ഭാരവാഹി എന്ന നിലയിൽ, നമുക്ക് ഖുർആനിക കല്പനയനുസരിച്ച് എങ്ങനെ പ്രവർത്തിക്കണമെന്ന് ആദ്യം ചിന്തിക്കേണ്ടതാണ്. സമാധാനം പ്രചരിപ്പിക്കുന്നതിന് നാം എത്രമാത്രം പരിശ്രമിക്കണം.

ഇതിൽതന്നെയുള്ള മറ്റൊരു കല്പനയാണ്, യതീംകളോടും നല്ലനിലയിൽ പെരുമാറുക എന്നത്. കാരണം ഇത് സമൂഹത്തിലെ ബലഹീന വിഭാഗമാണ്. മിസ്കീന്മാരോടും നല്ലരീതിയിൽ വർത്തിക്കുക എന്നും പറഞ്ഞു. ഈ രണ്ട് വിഭാഗവും സമൂഹത്തിലെ ഏറ്റവും ബലഹീനവിഭാഗമാണ്. ഇവർക്ക് സഹായികളാരുമുണ്ടാകുകയില്ല. ഇവരുടെമേൽ അക്രമം നടന്നുകൊണ്ടിരിക്കുന്നുവെങ്കിൽ, അവർക്കുവേണ്ടി ശബ്ദമുയർത്താൻ ആരും ഉണ്ടാകുകയില്ല. ചിലപ്പോൾ ഈ ദുർബലവിഭാഗം, പ്രതികരണമെന്ന നിലയിൽ കലഹത്തിന് കാരണമായിത്തീരുന്നു. കലഹമുണ്ടാകുന്നത്, ആദ്യം അവർ ചെറിയ ചെറിയ തിന്മകളിൽ അകപ്പെടുമ്പോഴാണ്. തങ്ങളുടെ അവകാശം നേടാൻ ശ്രമിക്കുന്നു. വഴക്കും കുഴപ്പവും ഉണ്ടാകുന്നു. പിന്നീട്, നേട്ടം ഉണ്ടാക്കാനാഗ്രഹിക്കുന്ന വിഭാഗം ഇവരെ തേടി നടക്കുന്നു. സമൂഹത്തിന്നെതിരിൽ അവരുടെ മനസ്സിൽ വിഷം നിറയ്ക്കുന്നു. അവകാശം ധ്വംസിക്കപ്പെട്ട അത്തരം നിരാശരായ വിഭാഗം, തങ്ങളുടെ അവകാശം നേടാനായി ചെയ്യുന്നതെന്തും അനുവദനീയമാണെന്നു കരുതുന്നു. അവരോട് ദയ കാണിക്കുന്നവരാണ്, തങ്ങളുടെ യഥാർത്ഥ നന്മ ആഗ്രഹിക്കുന്നവരെന്ന് അവർ വിചാരിക്കുന്നു. യഥാർത്ഥത്തിൽ ആ ദയ കാണിക്കുന്നവൻ, സമൂഹത്തിൽ കലഹമുണ്ടാക്കാൻ അവരെ ഉപയോഗിക്കുകയാണ് ചെയ്യുന്നത്.

ദരിദ്രരാഷ്ട്രങ്ങളെ പരിശോധിക്കുകയാണെങ്കിൽ, ബന്ധുക്കളും പ്രിയപ്പെട്ടവരും ഗൗനിക്കാത്ത അത്തരം നിരവധി യതീംകൾക്ക്- അല്ലെങ്കിൽ അവരുടെ സ്വന്തം ദാരിദ്ര്യം കാരണം ഈ വിഭാഗത്തെ സഹായിക്കാൻ പറ്റാതിരിക്കുകയുമാകാം- തർബിയ്യത്ത് ഇല്ലാത്ത കാരണത്താലും പൂർണ്ണമായും അജ്ഞതയിൽപെട്ടുപോയ കാരണത്താലും നിർമ്മാണപ്രവർത്തികൾ ചെയ്യാൻ കഴിയുന്നില്ല. എന്നല്ല, അവർ തിന്മ പ്രവർത്തിക്കുന്നവരുടെ കൈയിൽ ചെന്നുചേരുകയും ചെയ്യുന്നു. ഇപ്രകാരം, വലിയ കുടുംബമുള്ള ആളുകൾക്ക്, കുട്ടികൾ കൂടുതലുള്ള കാരണത്താൽ അവരെ നോക്കാൻ കഴിയുന്നില്ല. അവർ തങ്ങളുടെ കുട്ടികളെ- പാക്കിസ്ഥാനിൽ ഞാൻ കണ്ടിട്ടുണ്ട്- മദ്രസക്കാരെ ഏല്പിക്കുന്നു. മദ്രസ്സകളിലുള്ള അസംഖ്യം കുട്ടികളും ഈ ദരിദ്രരായ ആളുകളുടേതാണ്. അവിടെ, ബാഹ്യമായി നോക്കുമ്പോൾ മതപരമായ വിദ്യാഭ്യാസം അവർക്ക് നല്കുന്നതായി തോന്നും. പക്ഷേ, വലിയൊരു എണ്ണം മതത്തിന്റെ പേരിൽ കലഹത്തിലും കുഴപ്പങ്ങളിലും ചിലപ്പോൾ നശീകരണപ്രവർത്തനത്തിനുതന്നെയും തയ്യാറാക്കപ്പെടുന്നവരാണ്. ജിഹാദിന്റെ പേരിൽ, ജിഹാദിനെക്കുറിച്ചുള്ള തെറ്റായ സങ്കല്പത്തിൽ, അവർ ബ്രെയിൻ വാഷ് ചെയ്യപ്പെടുന്നു. ഇത്തരം യതീംകളേയും, ദരിദ്രരേയും നല്ലനിലയിൽ നോക്കിയിരുന്നുവെങ്കിൽ, അവിടെ ഉപജീവന പ്രശ്നങ്ങൾ ഉണ്ടാകുമായിരുന്നില്ല. പഠിക്കാനുള്ള അവസരം കിട്ടുമായിരുന്നു. അങ്ങനെ വലിയൊരു വിഭാഗം ആളുകൾ ഈ കലഹങ്ങളിൽ നിന്നും ഫിത്നകളിൽനിന്നും രക്ഷപ്പെടുമായിരുന്നു.

ഒരിക്കൽ ഞാൻ 'ഭേര' എന്ന സ്ഥലത്തുപോയി. മൃഗങ്ങളെ വേട്ടയാടാൻ വേണ്ടി ഗ്രാമപ്രദേശത്ത് പോയതായിരുന്നു ഞങ്ങൾ. കുറച്ചു കുട്ടികൾ അവിടെ വന്നു. മദ്രസ്സയിലെ കുട്ടികളായിരുന്നു അവർ. ഞാനവരോടു സംസാരിക്കാൻ തുടങ്ങി. എന്താണ് പഠിക്കുന്നതെന്നും ചെയ്യുന്നതെന്നും ചോദിച്ചു. പഠിത്തത്തെക്കുറിച്ച് വളരെ കുറച്ചേ അവർ പറഞ്ഞുള്ളൂ. 'ഞങ്ങൾ ഇവിടെ കവണകൾ ഉണ്ടാക്കുന്നു. എന്നല്ല തോക്കുകൾ ഉണ്ടാക്കാനുള്ള പരിശീലനവും ഞങ്ങൾക്കിവിടെ നല്കുന്നുണ്ട്.' ഇതാണ് അവസ്ഥ. മാതാപിതാക്കൾ ഇവരെ മദ്രസ്സയിലേക്ക് അയക്കുന്നത് മതപരമായ ശിക്ഷണത്തിനായിട്ടാണ്. അവർ അവിടെ ചെല്ലുമ്പോൾ ഈ രീതിയിലുള്ള തെറ്റായ വഴികളാണ് അവരെ പഠിപ്പിക്കുന്നത്. പിന്നീട് അവരെ ജിഹാദിന്റെ പേരിൽ, ഭീകരപ്രവർത്തനത്തിനായി ഉപയോഗിക്കുന്നു. തെറ്റായ രീതിയിൽ ഉപയോഗിക്കുന്നു. കലഹം ഉണ്ടാക്കാൻ ഉപയോഗിക്കുന്നു. മാതാപിതാക്കൾ, കുറഞ്ഞപക്ഷം തങ്ങളുടെ കുട്ടികൾ മതപരമായ അറിവു ലഭിച്ച് രക്ഷപ്പെടുമെന്ന പ്രതീക്ഷയിലാണിരിക്കുന്നത്. പക്ഷേ, ആരുടെ

കൈയിലാണ് അവരെത്തിയതെന്ന് അവർക്കറിയില്ല. അക്കൂട്ടർ തങ്ങളുടെ നേട്ടത്തിനായി ഈ കുട്ടികളെ ക്കൊണ്ട് മതത്തിന്റെ പേരിൽ ചോരയൊഴുക്കാൻ പോലും മടിക്കുകയില്ല. ഈ ഫസാദിൽനിന്ന് രക്ഷ പ്പെടാൻ അത്തരം വിഭാഗത്തെ നല്ലവണ്ണം നോക്കിവ ളർത്തേണ്ടത് ഭരണകൂടത്തിന്റെയും സമൂഹത്തി ന്റെയും ജോലിയാണ്. അവരെ അവഗണിക്കുന്നതി നുപകരം, അവരെ നെഞ്ചോടു ചേർത്തുവയ്ക്കുക. അവരെ വികാരമായി വ്രണപ്പെടുത്തുന്നതിനു പകരം കൂടുതൽ അവരുടെ വികാരം ശ്രദ്ധിക്കുക. കാരണം ഈ ദുർബലവിഭാഗം വികാരപരമായി കൂടുതൽ മന സ്സിലാക്കുന്നവരാണ്. അവരോട് നല്ലവണ്ണം ഔദാര്യ ത്തോടെ പെരുമാറാത്തിടത്തോളം അവരെ നന്നാക്കി യെടുക്കാൻ പറ്റുകയില്ല. സമൂഹത്തിലെ ഈ പിന്നാ ക്കവിഭാഗത്തെ ആദരവോടെ കാണുകയാണെങ്കിൽ, സമൂഹത്തിന്റെ സമാധാനവും ശാന്തിയും നിലനി ല്ക്കും. യതീംകളെ പരിരക്ഷിക്കുന്നവരും മിസ്ക്കീ ന്മാരെ ശ്രദ്ധിക്കുന്നവരും അല്ലാഹുവിന്റെ സ്നേഹ ത്തിനും പാത്രമായിത്തീരുന്നു. താനും യത്തീമിനെ സംരക്ഷിക്കുന്നവനും സ്വർഗ്ഗത്തിൽ ഇങ്ങനെയായി രിക്കുമെന്ന് പറഞ്ഞ് നബി(സ) തന്റെ ചൂണ്ടുവിരലും നടുവിരലും അല്പം വിടർത്തി കാണിക്കുക യുണ്ടായി. അതായത് അത്തരം വ്യക്തി തന്റെയടു ത്താണിരിക്കുന്നതെന്ന്.

ഒരു നിവേദനത്തിൽ അവിടന്ന് പറഞ്ഞു: മുസ്ലിംകളുടെ വീടുകളിൽ ഏറ്റവും ഉത്തമമായത്, യതീമിനെ പരിപാലിച്ചുവളർത്തുന്ന വീടാണ്. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. അവിടന്ന് പറഞ്ഞു: തന്റെ മുസ്ലിം സഹോദരനെ നിന്ദാദൃഷ്ടിയോടെ നോക്കുക എന്നത് മാത്രം മതി മനുഷ്യന്റെ ദുഷ്പ്ര വർത്തിയ്ക്ക്. ദരിദ്രരേയും മിസ്ക്കീമിനേയും ചില യാളുകൾ നിന്ദാദൃഷ്ടിയോടെ നോക്കാറുണ്ട്. അവർ ചിന്തിക്കേണ്ട കാര്യമാണിത്.

ഇവിടെ ഞാനൊന്ന് അനുബന്ധമായി പറയട്ടെ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിൽ യതീംകളെ സംരക്ഷിക്കേണ്ട വ്യവസ്ഥിതിയുണ്ട്. പാക്കിസ്ഥാനിലും ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അത് കൃത്യമായി വിലയിരുത്തി അവരുടെ വിദ്യാ ഭ്യാസത്തിനും താമസിക്കാനുമൊക്കെയുള്ള ഏർപ്പാട് ചെയ്തുവരുന്നു. ഇപ്രകാരം മറ്റു രാജ്യങ്ങളിലും, പ്രത്യേകിച്ച് ആഫ്രിക്കൻ രാജ്യങ്ങളിൽ അല്ലാഹു വിന്റെ അനുഗ്രഹത്താൽ അവരുടെ ആവശ്യങ്ങൾ പൂർത്തിയാക്കാൻ പരിശ്രമിക്കാറുണ്ട്. ഇതിനുവേണ്ടി ഒരു ഫണ്ടുണ്ട്. ജമാഅത്തംഗങ്ങൾ ഇതിലേക്കു മന സ്സുതുറന്ന് സഹായം നല്കേണ്ടതാണ്; യതീംകളുടെ ആവശ്യങ്ങൾ കൂടുതൽ നിറവേറ്റാൻ കഴിയുന്നതി നുവേണ്ടി. ഇപ്രകാരംതന്നെ ദരിദ്രരായ പെൺകുട്ടി കളുടെ വിവാഹത്തിന് സഹായം നല്കാൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) മർയം ശാദി ഫണ്ട് ആഹ്വാനം ചെയ്തിരുന്നു. ആരംഭത്തിൽ ജമാ അത്തംഗങ്ങൾ ഇതിലേക്ക് ഒരുപാട് ശ്രദ്ധിച്ചിരുന്നു. പെൺകുട്ടികളുടെ വിവാഹത്തിന് ഒരു തടസ്സവും ഉണ്ടായില്ല. ഇപ്പോഴും അല്ലാഹുവിന്റെ അനുഗ്രഹ ത്താൽ തടസ്സമൊന്നുമില്ല. പക്ഷേ, ആധിക്യത്തോടും എത്ര ഉത്സാഹത്തോടുംകൂടി ജമാഅത്തംഗങ്ങൾ ഇതിൽ പങ്കെടുത്തുകൊണ്ടിരുന്നുവോ, ചന്ദ കൊടു ത്തിരുന്നുവോ അതുപോലെ ഇപ്പോൾ ലഭിക്കുന്നില്ല. ഇതിലേക്ക് ജമാഅത്തംഗങ്ങൾ പ്രത്യേകിച്ച് സമ്പന്നർ ശ്രദ്ധിക്കേണ്ടതാണ്. യതീംകളോടും ദരിദ്രരോടും മിസ്ക്കീന്മാരോടുമുള്ള പെരുമാറ്റമാണ്, തീർച്ച യായും ആ നല്ലരീതിയിൽ പെരുമാറുന്നവർക്ക് സ്വർഗ്ഗത്തെക്കുറിച്ച് സുവിശേഷമറിയിക്കുന്നത്. അല്ലാഹുവും അവന്റെ റസൂൽ (സ)ഉം ദാറുസ്സലാമി നെക്കുറിച്ച് സുവാർത്ത അറിയിക്കുന്നു. അവർ ഈ ലോകത്ത് കുറച്ചാളുകളുടെ ഉന്നമനത്തിനും സമാ ധാനത്തിനുമായി പരിശ്രമിച്ചു. അവരുടെ ബുദ്ധിമു ട്ടുകളകറ്റാൻ ശ്രമിച്ചു. ഒരു നിവേദനത്തിൽ വന്നിരി ക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു. ദുർബലജന ങ്ങളുടെമേൽ കരുണ കാണിക്കുകയും മാതാപിതാ ക്കളെ സ്നേഹിക്കുകയും ഭൃത്യന്മാരോടും ജോലി ക്കാരോടും നല്ലരീതിയിൽ പെരുമാറുകയും ചെയ്യു ന്നവനെ അല്ലാഹു തന്റെ സംരക്ഷണത്തിലും കാരു ണ്യത്തിലും വയ്ക്കുകയും സ്വർഗ്ഗത്തിൽ പ്രവേശി പ്പിക്കുകയും ചെയ്യും.

സമൂഹത്തിൽ സമാധാനവും ഐക്യവും സ്നേഹവും നിറഞ്ഞ അന്തരീക്ഷം സൃഷ്ടിക്കുന്നതി നായി അല്ലാഹു ഖുർആനിലെ ഈ ആയത്തിൽ പറഞ്ഞു: അയൽവാസികളോടു നല്ല നിലയിൽ പെരു മാറുക. ബന്ധുക്കളായ അയൽക്കാരോടു മാത്രമല്ല, കാരണം അതിൽ നൂറുശതമാനവും നിസ്വാർത്ഥതയും അല്ലാഹുവിന്റെ പ്രീതിയും മാത്രം പ്രതീക്ഷിച്ചുകൊ ണ്ടുള്ള സൽപെരുമാറ്റം കാണുകയില്ല. അതുകൊണ്ട് ബന്ധുക്കളല്ലാത്ത അയൽക്കാരോടും നല്ലനിലയിൽ പെരുമാറേണ്ടതാണ്. ബന്ധുവായ അയൽവാസി യോടുള്ള സൽപെരുമാറ്റത്തിന്റെ ഇഷ്ടവും അനി ഷ്ടവും ഇതിൽ കാണാൻ കഴിയും. ദൈവാരാധകർ അല്ലാഹുവിന്റെ ഇഷ്ടം കരസ്ഥമാക്കാൻ വേണ്ടി യാണോ യഥാർത്ഥത്തിൽ പ്രവർത്തിക്കുന്നതെന്ന്, അന്യരോടുള്ള പെരുമാറ്റത്തിൽനിന്ന് മനസ്സിലാകും. അയൽവാസികളോടു നല്ലനിലയിൽ പെരുമാറേണ്ട തിനെ സംബന്ധിച്ചുള്ള പാഠം എത്രമാത്രം അധിക മാണെന്നുവെച്ചാൽ, അതു കണ്ടിട്ട്, അയൽവാസി ഇനി നമ്മുടെ അനന്തരാവകാശങ്ങളിൽ പങ്കാളിയാ യേക്കുമോ എന്നു തോന്നിപ്പോയെന്ന് നബി(സ) പറ ഞ്ഞു. അയൽവാസിയുടെ ഈ പ്രാധാന്യം എടുത്തു പറഞ്ഞത് അവരെ ശ്രദ്ധിക്കാൻ വേണ്ടിയാണ്.

അവരുടെ ആവശ്യങ്ങൾ പൂർത്തീകരിച്ചുകൊടുക്കാൻ വേണ്ടിയാണ്. കാരണം ഈ അയൽവാസി, വീട്ടിന്റെ നാലുഭിത്തിയോട് ഏറ്റവും അടുത്തവരാണ്. അവർ പരസ്പരം നല്ല നിലയിൽ പെരുമാറുന്നില്ലെങ്കിൽ, പരസ്പരം ബുദ്ധിമുട്ടുകൾക്ക് കാരണക്കാരാകുകയാണെങ്കിൽ, എതു ഇടവഴിയിലാണോ ആ വീട് നിലകൊള്ളുന്നത്, ആ ഇടവഴി കലഹത്തിന് കാരണമാകും. ആ ഇടവഴിയിൽ സമാധാനത്തിന്റെ സൗരഭ്യം ഉണ്ടാകുകയില്ല. വീട്ടിൽ നിന്ന് വെളിയിലിറങ്ങിയയുടനെ, ഏറ്റവും മുമ്പേ കാണുന്നത് അയൽവാസിയെ ആയിരിക്കും. ഇവർക്ക് ഹൃദയത്തിന്റെ അടിത്തട്ടിൽനിന്നുള്ള സമാധാന സന്ദേശം എത്തിക്കുകയാണെങ്കിൽ, അവരും നിങ്ങൾക്ക് സമാധാനപ്രിയരായിത്തീരും.

ഈ പാശ്ചാത്യ നാടുകളിൽ പൊതുവെ ഓരോരുത്തരും അവരവരുടെ കാര്യം നോക്കി നടക്കുന്നവരാണ്. അതവരുടെ ജീവിതത്തിന്റെ ഭാഗമായിത്തീർന്നിരിക്കുന്നു. സ്വന്തം വീട്, സ്വന്തം രക്തബന്ധുക്കൾ. ഇസ്ലാം നമ്മെ പഠിപ്പിച്ച അയൽവാസി സങ്കല്പം ഇവിടെ ഇല്ലേയില്ല. ഇതാണ് ഇസ്ലാമിന്റെ സവിശേഷത. അതായത് പ്രത്യക്ഷത്തിൽ നിസ്സാരമെന്നു തോന്നുന്ന കാര്യത്തെക്കുറിച്ചുപോലും ഉപദേശിച്ചു. പിന്നീട് അതിന്റെ ഫലം എന്ന നിലയിൽ വലിയ വലിയ സ്വർഗ്ഗത്തെക്കുറിച്ചും അറിയിച്ചു; എല്ലാരീതിയിലും സമൂഹത്തിൽ സമാധാനം പരത്തുന്നതിനുവേണ്ടി ഓരോ മുഅ്മിനും ശ്രദ്ധിക്കാനാണിത്. ഇവർക്ക് സലാമിന്റെ സന്ദേശം എത്തിച്ചുകൊണ്ട് ബന്ധം വയ്ക്കുകയാണെങ്കിൽ, നിസ്വാർത്ഥമായിട്ടാണ് അവരുമായി ബന്ധംവയ്ക്കുന്നതെന്ന് അവർക്ക് മനസ്സിലാകും. നമ്മളോടുള്ള സ്നേഹം കൊണ്ടാണ് ഇവർ തങ്ങളുമായി ഇടപെടുന്നതെന്ന് അവർ അറിയും. ഇക്കൂട്ടർ സന്തോഷിക്കുകയും ചെയ്യും. അത്ഭുതപ്പെടും. കാരണം ഇതിനെക്കുറിച്ചുള്ള ശീലം അവർക്കില്ല. അവരുടെ സംസാരത്തിൽനിന്നും അവരുടെ സന്തോഷവും സമാധാനവും മനസ്സിലാകും. ഈ ബന്ധം വർദ്ധിപ്പിക്കുന്ന കാരണത്താൽ, പ്രകൃതിയുടെ ശബ്ദം- പ്രകൃതി ആഗ്രഹിക്കുന്നത് എല്ലാവരും ഈ രീതിയിലാകണമെന്നാണ്- ഇവരും നെടുവീർപ്പിടുകയും തങ്ങളുടെ അയൽവാസി തങ്ങളുമായി നല്ലരീതിയിൽ പെരുമാറുന്ന കാരണത്താൽ ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നു എന്നതിൽ സന്തോഷിക്കുകയും ചെയ്യും. അല്ലാതെ എന്തെങ്കിലും നേട്ടത്തിനു വേണ്ടിയോ, വ്യക്തിപരമായ ഗുണത്തിനുവേണ്ടിയോ അല്ല ഇവർ ഇങ്ങനെ പെരുമാറുന്നതെന്ന് അവർക്ക് ബോധ്യമാകും. ഇല്ലാ മാശാ അല്ലാഹ്. അധികമാളുകളും ഇതിൽ സന്തോഷിക്കും.

ഇവിടെ വസിക്കുന്ന അഹ്മദികളോട്, അവരുടെ അയൽവാസിയോട് നല്ലരീതിയിൽ പെരുമാറാൻ ഞാൻ ഉപദേശിച്ചിരുന്നു. ചിലയിടത്ത്നിന്ന് വളരെ നല്ല റിപ്പോർട്ടാണ് കിട്ടിയത്. പാക്കിസ്ഥാനി അല്ലെങ്കിൽ ഏഷ്യൻ മുസ്ലിംകളെ ഭയപ്പെട്ടിരുന്ന ജനത, നമ്മുടെയാളുകൾ അധികമായി അവരുമായി ബന്ധപ്പെടാൻ തുടങ്ങിയപ്പോൾ പെരുന്നാൾ ആഘോഷവേളകളിലും അവരുടെ ആഘോഷവേളകളിലും സമ്മാനം കൊടുക്കാൻ തുടങ്ങിയപ്പോൾ അക്കാരണത്താൽ അവരിൽ മയമുണ്ടാകാൻ തുടങ്ങി. അവരുടെ ഭയവും അകന്നു. മുസ്ലിംകളെ ഭീകരവാദികളെന്നും, അസമാധാനത്തിന് കാരണക്കാരും എന്ന് കരുതിയിരുന്നവർ, ഇസ്ലാമിന്റെ സമാധാനപാഠത്തെ ആകർഷിക്കുന്നവരായിത്തീർന്നു.

മസ്ജിദ് ഫള്ലിന്റെ മുറ്റത്തും രണ്ടുവർഷമായി, അയൽവാസികളെ വിളിച്ച് സൽക്കരിക്കാറുണ്ട്. ഇതു കൂടാതെ വ്യക്തിപരമായ നിലയിൽ ഓരോരുത്തരും തങ്ങളുടെ വീടുകളിലും ഇത് നടത്തുന്നുണ്ടാകും. ഈ വർഷവും ഈ പരിപാടിയിൽ അവർ പങ്കെടുത്തിരുന്നു. ഞാൻ, അയൽവാസികളോടുള്ള പെരുമാറ്റത്തെക്കുറിച്ച് ഇസ്ലാമികാധ്യാപനം അവരോട് പറഞ്ഞപ്പോൾ എല്ലാവരും അത്ഭുതത്തോടും സന്തോഷത്തോടുംകൂടി അതു കേട്ടു. അത് പ്രകടിപ്പിക്കുകയും നന്ദി രേഖപ്പെടുത്തുകയും ചെയ്തു. ഇപ്പോഴും വിവിധ സമയങ്ങളിൽ ഈ അയൽവാസികളിൽനിന്ന് എനിക്ക് കത്ത് വരാറുണ്ട്. കാർഡും വരാറുണ്ട്. അയൽവാസികളോടുള്ള സൽപെരുമാറ്റം സമാധാനത്തിന്റെ ജാമ്യമാണെന്നതുപോലെ, പ്രബോധനത്തിനുള്ള നല്ലവഴിയും തുറക്കുന്നു. ഇവർക്ക് മതപരമായ വിഷയങ്ങളിൽ താൽപര്യമില്ലെങ്കിൽതന്നെ, കുറഞ്ഞ പക്ഷം ഇസ്ലാം ഭീകരരുടെ മതമാണെന്ന ചിന്താഗതി വെച്ചുപുലർത്തുന്നവരിൽ ഇത് മാറ്റമുണ്ടാക്കും. അയൽവാസികളോട് വിശാലമനസ്കതയുണ്ടെങ്കിൽ, മുഴുവൻ ലോകത്തും സമാധാനത്തിന്റേയും ഐക്യത്തിന്റേയും അടിത്തറവീഴും. ദുൻയാവിൽനിന്ന് കലഹം അകന്നുപോകും. അയൽപക്കം നൂറുമൈലിനുള്ളിൽ വരെയാകാറുണ്ടെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുകയുണ്ടായി. ഇന്ന് അഹ്മദികൾ 185-ലേറെ രാഷ്ട്രങ്ങളിലുണ്ട്. ചില സ്ഥലങ്ങളിൽ കുറച്ചാവട്ടെ, അധികമാവട്ടെ. തന്റെ ചുറ്റുപാടും നൂറുനൂറു മൈൽവരെയുള്ള അയൽവാസികൾക്ക് സമാധാന സന്ദേശമെത്തിക്കുകയാണെങ്കിൽ ലോകത്തെ വിശാലമായൊരു ഭാഗത്ത് ഇസ്ലാമിനെക്കുറിച്ചു പരന്നിട്ടുള്ള തെറ്റുധാരണകൾ നീക്കാൻ കഴിയും. ഇന്ന് അഹ്മദികൾക്കല്ലാതെ, മറ്റാർക്കും ഈ സമാധാനത്തിന്റെ പാഠം ലോകത്തിന് നല്കാൻ സാധിക്കുകയില്ല. നമ്മൾ നമ്മുടെ ഉത്തരവാദിത്തം ശരിയായ നിലയിൽ നിറവേറ്റുന്നില്ലെങ്കിൽ, മസീഹ് മൗഊദ് (അ)നോട് നമ്മൾ ചെയ്ത കരാർ പാലിക്കുന്നവരാകുകയില്ല. നമ്മൾ അതിൽ വീഴ്ച വരുത്തുന്നവരാ

യിരിക്കും. അല്ലാഹു പറയുന്നു: നിങ്ങളുടെ ബന്ധങ്ങളിലൂടെയാണ് നിങ്ങൾ യഥാർത്ഥ മുസ്‌ലിം ആണെന്ന് തിരിച്ചറിയപ്പെടുന്നത്- കൂടുതൽ വിശാലമാകണം. കാരണം നിങ്ങളുടെ ബന്ധം എത്രമാത്രം വിശാലമാകുന്നുവോ അത്രമാത്രം സമാധാനവും ഐക്യവും വിതറുന്ന സമൂഹവും വിശാലമായിക്കൊണ്ടിരിക്കും.

വീണ്ടും പറയുന്നു. നിങ്ങളോടൊപ്പം ജോലി ചെയ്യുന്നവരോട് നല്ലരീതിയിൽ പെരുമാറുക. മീറ്റിംങ്ങും, യോഗവും സമൂഹത്തിൽ നടത്തുമ്പോൾ സ്നേഹത്തോടും ഐക്യത്തോടുംകൂടി പെരുമാറേണ്ടതാണ്. ഇസ്‌ലാമിന്റെ ഈ പാഠങ്ങൾ ആവർത്തിക്കുകയാണെങ്കിൽ ഒരു മനുഷ്യന്റേയും മനസ്സിൽ ആരെക്കുറിച്ചും വെറുപ്പുണ്ടാകയില്ല. എന്നല്ല, തുറന്ന ഹൃദയത്തോടെ ഓരോരുത്തർക്കും സമാധാനത്തിന്റെ സമ്മാനം അയച്ചുകൊണ്ടിരിക്കും- വൈരാഗ്യം മനസ്സിലുണ്ടാകുകയേയില്ല.

ചിലപ്പോൾ, ഇജ്തിമാന്റെ അവസരത്തിലും ജൽസാവേളയിലും ചില നീരസങ്ങൾ ഉണ്ടാകാറുണ്ട്. ഇപ്പോൾ ഇജ്തിമായും ജൽസയും വരാൻ പോകുകയാണ്. തന്നിൽനിന്ന് എല്ലാവരോടും ഔദാര്യമല്ലാതെ മറ്റൊന്നും പ്രകടമാകാൻ പാടില്ല എന്ന് ഓരോരുത്തരും വിചാരിക്കേണ്ടതാണ്. അതാണ് സമൂഹത്തിൽ സമാധാനം വിതറുന്നത്.

സമൂഹത്തോടുള്ള ഏറ്റവും വലിയ ഔദാര്യം എന്നു പറയുന്നത് സമാധാനത്തിന്റെ സന്ദേശം മറ്റുള്ളവർക്കു എത്തിച്ചുകൊടുക്കുക എന്നതാണ്. സലാം നടപ്പിൽ വരുത്തുക എന്ന് മുമ്പേയും ഞാൻ പറഞ്ഞിട്ടുള്ളതാണല്ലോ. സ്വന്തമാളുകളിലും അന്യരിലും. ആരെങ്കിലും ആർക്കെങ്കിലും സലാം ചൊല്ലിയാൽ- മുസ്‌ലിം മുസ്‌ലിമിനോട് സലാം ചൊല്ലുന്നത് നിർബന്ധകല്പനയാണ്- പറയുന്നതിനേക്കാൾ നല്ല രീതിയിൽ മടക്കുക. ഒരു അഹ്മദീ സമൂഹത്തിൽ ഇത് പ്രചരിപ്പിക്കുമ്പോൾ, എല്ലാ വഴക്കും കലഹങ്ങളും കുഴപ്പങ്ങളും അവസാനിക്കും. അല്ലാഹു പറഞ്ഞു, നന്മയുടെ മറുപടി നന്മ കൊണ്ട് നല്കുക. നിങ്ങൾ സലാം ചൊല്ലുമ്പോൾ നല്ലനിലയിൽ അത് മടക്കുക എന്നും പറഞ്ഞിട്ടുണ്ട്. നിങ്ങൾക്കാരെങ്കിലും സമ്മാനം നല്കിയാൽ, നിങ്ങൾക്ക് അതുപോലുള്ളതോ അതിനേക്കാൾ മികച്ചതോ മടക്കാൻ കല്പനുണ്ട്.

ഒരു മജ്‌ലിസിൽ ഒരിക്കൽ ഒരാൾ വന്നു. അദ്ദേഹം നബി(സ)ന് 'അസ്സലാമു അലയ്ക്കും' പറഞ്ഞു. അവിടന്നു പറഞ്ഞു. 'വ അലയ്ക്കുമുസ്സലാം വറഹ്മത്തുല്ലാഹ്'. വീണ്ടും ഒരാൾ വന്നു, 'അസ്സലാമു അലയ്ക്കും വറഹ്മത്തുല്ലാഹ്' എന്ന് അയാൾ പറഞ്ഞു. അവിടന്ന് പറഞ്ഞു, 'വ അലയ്ക്കുമുസ്സലാം വറഹ്മത്തുല്ലാഹി വബറക്കാത്തുഹു'. മൂന്നാമതൊരാൾ വന്നു, അയാൾ പറഞ്ഞു. 'അസ്സലാമു അലയ്ക്കും വറഹ്മത്തുല്ലാഹി വബറക്കാത്തുഹു'. അവിടന്ന് പറഞ്ഞു, 'വ അലയ്ക്കും'. അപ്പോൾ അടുത്തിരുന്ന ഒരാൾ ചോദിച്ചു, മറ്റു രണ്ടുപേർക്കും ദീർഘമായ ദുആ നല്കി. ഇയാളോടു 'വ അലയ്ക്കും' മാത്രം പറഞ്ഞതെന്താണ്. അവിടന്ന് പറഞ്ഞു, ആ സലാം പറഞ്ഞവരിൽ നല്ലനിലയിൽ മടക്കിക്കൊടുക്കാൻ പറ്റിയത് ഇടയ്ക്കുണ്ടായിരുന്നു. അതുകൊണ്ട് നല്ലരീതിയിൽ നാം അത് മടക്കിക്കൊടുത്തു. പക്ഷേ, ഇദ്ദേഹം ഏറ്റവും ഉത്തമമായ ദുആ പറഞ്ഞു. അതിനു പുറമെ മറ്റൊരു മറുപടിയില്ല. അതുകൊണ്ട് ഞാൻ അതുതന്നെ മടക്കിക്കൊടുക്കുക എന്ന കല്പനയനുസരിച്ച് 'വ അലയ്ക്കും' എന്നു പറഞ്ഞ്, അയാൾ നല്കിയതുതന്നെ തിരികെ കൊടുത്തു. ഇതാണ് നബി(സ)യുടെ സലാം എത്തിക്കുന്ന രീതി.

പിന്നീട് പറഞ്ഞത് യാത്രക്കാരോടും നല്ല നിലയിൽ പെരുമാറാനാണ്. യാത്രയിൽ കുറച്ചുനേരത്തേക്കു മാത്രമേ ആളുകൾ ഉണ്ടാകാറുള്ളൂ. അപ്പോഴും നിങ്ങളുടെ ഉള്ളിൽ നന്മയുടെ ചിത്രം കാണാൻ കഴിയണം; ഈ താൽക്കാലികവും നിസ്സാരവുമായ ബന്ധംപോലും, ദുസ്സ്വാധീനം ബാക്കിവെക്കാൻ പാടില്ല.

ഇതാണ് അല്ലാഹു തന്റെ ദാസരിൽനിന്ന് പ്രതീക്ഷിക്കുന്നത്. സമൂഹത്തിൽ കലഹത്തിനും കുഴപ്പത്തിനും കാരണമാകുന്ന നിസ്സാരകാര്യംപോലും ഉണ്ടാകാൻ പാടില്ല.

വീണ്ടും പറഞ്ഞു. വലങ്കൈ ഉടമയാക്കിയിട്ടുള്ളവരോടും നിങ്ങൾ നല്ലനിലയിൽ പെരുമാറുക. നിങ്ങളുടെ കീഴിലുള്ളവർ, നിങ്ങളുടെ ജോലിക്കാർ. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നിങ്ങളുടെ നിയന്ത്രണത്തിലുള്ള എല്ലാ ജീവജാലങ്ങളോടും ഔദാര്യത്തോടെ പെരുമാറുക. ഇതാണ്, ദുർബലവിഭാഗത്തിന്റെ മാന്യത നിലനിറുത്തുന്നതിനുള്ള ഇസ്‌ലാമിക കല്പന. ആരെയാണോ നിങ്ങൾ നിങ്ങളുടെ അടിമയായി കാണുന്നത്, അല്ലെങ്കിൽ നിങ്ങളുടെ തൊഴിലാളിയായി കാണുന്നത് അവരോടും കാഠിന്യവും അക്രമവും പ്രവർത്തിക്കരുത്. അവർക്ക് താങ്ങാവുന്നതിനേക്കാൾ കൂടുതൽ ഭാരം ഇടരുത്. പ്രയാസമുള്ള ജോലിയാണെങ്കിൽ, അവരെ സഹായിക്കണം.

സമൂഹത്തിൽ സമാധാനവും ശാന്തിയും സ്ഥാപിക്കാനുള്ള നിയമങ്ങളാണിത്. ഇത് എപ്പോഴും മനസ്സിലുണ്ടാവണം. നന്മ പ്രവർത്തിക്കുകയും അതിലൂടെ സ്നേഹം ജന്മംകൊള്ളണമെന്ന വിചാരവും ഉണ്ടാകണം. അതുമുഖേന തൊഴിലാളി, മുതലാളിക്കുവേണ്ടി ത്യാഗം ചെയ്യും. തൊഴിലാളിയെക്കൊണ്ട് അവന് താങ്ങാവുന്നതിനേക്കാൾ കൂടുതൽ പണിയെ

ടുപ്പിച്ചാൽ അത് അവരുടെയുള്ളിൽ വെറുപ്പിന്റെ വിത്ത് വിതറുകയും അതവസാനം, സമാധാനത്തിനു പകരം കുഴപ്പമുണ്ടാക്കുകയും ചെയ്യും. ഈ വചനത്തിന്റെ അവസാനം അല്ലാഹു പറയുന്നു: ***ഇന്നല്ലാഹ ലാ യുഹിബ്ബു മൻകാന മുഖ്താലൻ ഫഖൂറാ.*** അഹങ്കാരിയും പൊങ്ങച്ചം കാണിക്കുകയും ചെയ്യുന്നവനെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല. ഞാൻ പറഞ്ഞതുപോലെ, അവസാനം കല്പന നല്കി, അല്ലെങ്കിൽ തന്റെ വെറുപ്പ് പ്രകടിപ്പിച്ചുകൊണ്ട് അല്ലാഹു പറയുന്നു, ആരാണോ ഇതനുസരിച്ച് പ്രവർത്തിക്കാത്തത് അവൻ അഹങ്കാരിയാണ്. അവന് അല്ലാഹുവിന്റെ സത്യവാനായ ആരാധകനാകാൻ കഴിയില്ല. അക്കാരണത്താൽ അല്ലാഹു അവന്റെ ദുആയും സ്വീകരിക്കുകയില്ല. പ്രവാചകന്മാരുടെ ചരിത്രം ഇതാണ് നമ്മോടു പറയുന്നത്. എന്നല്ല അഹങ്കാരം കാരണത്താൽ ശയ്ത്വാന്റെ പിന്നാലെ നടക്കുന്നവരായിരിക്കും. കാരണം ശയ്ത്വാനും അഹങ്കാരം കാരണത്താലാണ് നിഷേധിച്ചത്. ഇക്കാലഘട്ടത്തിലും നോക്കുക. ഈ ഘട്ടത്തിലും അഹങ്കാരം തന്നെയാണ് വാഗ്ദത്ത മസീഹിനെ വിശ്വസിക്കുന്നതിൽനിന്ന് ഇവരെ തടയുന്നത്. ഈ അഹങ്കാരമാണ് സമസൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നതും തടയുന്നത്. ഇവരെ സംബന്ധിച്ച് അല്ലാഹു വെറുപ്പ് പ്രകടിപ്പിച്ചിരിക്കുന്നു. ഇവർ ലക്ഷക്കണക്കിന് പ്രാവശ്യം, സമാധാനം പാലിക്കുന്നവരാണെന്നു പറഞ്ഞാലും അതിനുവേണ്ടി ശ്രമിച്ചാലും അല്ലാഹു വെറുക്കുന്നതുകൊണ്ട് അവർക്കതിൽ വിജയം വരിക്കാൻ കഴിയില്ല. അവർ അന്ധകാരം കാരണത്താൽ അല്ലാഹു അയച്ച ആളെ നിഷേധിച്ചുകളഞ്ഞു. അക്കാരണത്താൽ, അല്ലാഹുവിൽ നിന്ന് വരുന്ന ആ സമാധാനവും അവർക്ക് തടയപ്പെട്ടു. സമാധാനം വരുന്നത് അല്ലാഹുവിൽനിന്നാണ്. അല്ലാഹുവിന്റെ പ്രിയപ്പെട്ടവരോട് അഹങ്കാരത്തോടെ പെരുമാറിയാൽ, അവരെ നിഷേധിച്ചാൽ സമാധാനം തടയപ്പെടുന്നതാണ്.

അതുകൊണ്ട് നമ്മൾ ഭാഗ്യവാന്മാരാണ്. അല്ലാഹു ആ ഇമാമിനെ തിരിച്ചറിയാൻ നമുക്ക് തൗഫീഖ് നല്കി. നാം ഇക്കാര്യങ്ങളിൽ ചിന്തിച്ചുകൊണ്ട് യഥാർത്ഥ ആരാധകരും ശരിയായനിലയിൽ സൽക്കർമ്മം ചെയ്യുന്നവരും ആകാൻ ശ്രമിക്കേണ്ടതാണ്. നമ്മളിൽ ആരും അല്ലാഹുവിന്റെ വെറുപ്പിന്റെ പുതപ്പിൽ പെടാൻ പാടില്ല. അങ്ങനെയായാൽ അല്ലാഹു സത്യവിശ്വാസികളിൽപെടുന്നവരിൽനിന്ന് നമ്മളെ തടയും. സത്യവിശ്വാസിക്ക് നല്കുമെന്ന് സുവാർത്തയറിയിച്ച കാര്യങ്ങളും തടയപ്പെടുന്നതാണ്.

അല്ലാഹുവിന്റെ മുമ്പിൽ കുനിഞ്ഞുകൊണ്ട് അവനോട് സഹായം തേടിക്കൊണ്ട് നാം നമ്മെക്കുറിച്ച് പരിശോധിക്കേണ്ടതാണ്. എന്തെങ്കിലും കുറവുണ്ടായിട്ടുണ്ടെങ്കിൽ അല്ലാഹുവിന്റെ കാരുണ്യം തേടേണ്ടതാണ്. അല്ലാഹു വലിയ റഹീമാണ്. തെറ്റുപറ്റി നിങ്ങളെന്തെങ്കിലും ചെയ്താൽ മാപ്പു ചെയ്യുന്നവനാണെന്ന് അവൻ പറയുന്നു. അല്ലാഹുവിന്റെ സമാധാനം നമുക്ക് എപ്പോഴുമുണ്ടാകട്ടെ. നാം അവന്റെ പൊറുക്കലിന്റെ തണലിൽ വരുമാറാകട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "സത്യവിശ്വാസി സൗന്ദര്യവാനാണ്. സൗന്ദര്യവാനായ മനുഷ്യനെ നിസ്സാരമായ ആഭരണം അണിയിച്ചാൽ തന്നെ അതവനെ കൂടുതൽ സൗന്ദര്യവാനാക്കുന്നു. അവൻ ദുഷ്കർമ്മിയാണെങ്കിൽ, ഒന്നും ഉണ്ടാകുകയില്ല. മനുഷ്യന്റെ മനസ്സിൽ യഥാർത്ഥ ഈമാൻ ഉണ്ടാകുമ്പോൾ അവന്റെ കർമ്മങ്ങളിൽ ഒരു പ്രത്യേക രുചി ഉണ്ടാകുന്നു. അവന്റെ മഅ്രിഫത്തിന്റെ കണ്ണു തുറക്കുന്നു. നമസ്കരിക്കേണ്ടതെങ്ങനെയാണോ ആ രീതിയിൽ അവൻ നമസ്കരിക്കുന്നു. പാപങ്ങളിൽ നിന്ന് അവൻ ജാഗരൂകനാകുന്നു. അവിശുദ്ധമായ മജ്‌ലിസിനെ അവൻ വെറുക്കുന്നു. അല്ലാഹുവിന്റേയും റസൂലിന്റേയും മഹത്വത്തേയും പ്രതാപത്തേയും പ്രകടിപ്പിക്കാൻ തന്റെ മനസ്സിൽ ഒരു പ്രത്യേക ആവേശം ഉണ്ടാകുന്നു. മസീഹിനെപോലെ കുരിശിൽ കയറാൻപോലും മടിക്കാത്ത ഈമാനാണത്. അല്ലാഹുവിനുവേണ്ടി, അല്ലാഹുവിനുവേണ്ടി മാത്രം ഇബ്റാഹീമിനെപോലെ തീയിൽ വീഴുന്നതിലും തൃപ്തനായിരിക്കും. അവൻ തന്റെ ഇച്ഛയെ ദൈവേച്ഛയ്ക്കു വിധേയമാക്കുമ്പോൾ ഹൃദയത്തിന്റെ ഉള്ളിലുള്ളതെല്ലാം നല്ലവണ്ണം അറിയുന്ന അല്ലാഹു അവന്റെ സംരക്ഷകനും മേൽനോട്ടക്കാരനുമായിത്തീരുന്നു. അവനെ കുരിശിൽനിന്നും ജീവനോടെ ഇറക്കുന്നു. തീയിൽനിന്നും സുരക്ഷിതനായി പുറത്തുകൊണ്ടുവരുന്നു. അല്ലാഹുവിൽ പൂർണ്ണമായ വിശ്വാസമുള്ളവർക്കു മാത്രമേ ഈ അത്ഭുതങ്ങൾ കാണാൻ സാധിക്കുകയുള്ളൂ."

അല്ലാഹു നമ്മെയെല്ലാം പൂർണ്ണവിശ്വാസികളാക്കി മാറ്റട്ടെ. തന്റെ തൃപ്തിയുടെ ദൃഷ്ടി എപ്പോഴും നമ്മിൽ പതിപ്പിച്ചുകൊണ്ട്, എല്ലാ തീയിൽനിന്നും സുരക്ഷിതരാക്കി പുറത്തുകൊണ്ടുവരട്ടെ. നാം അവന്റെ കാരുണ്യവും പൊറുക്കലും എപ്പോഴും കാണുന്നവരായിത്തീരട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 1.6.2007 at Baithulfutuh, London

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123 Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala